# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## കാര്യവട്ടം ശ്രീധർമശാസ്താ ക്ഷേത്രം

തിരുവനന്തപുരം: കാര്യവട്ടം ശ്രീധർമശാസ്താ ക്ഷേത്രത്തിലെ ഉത്സവം നാളെ സമാപിക്കും. ഇന്ന് വൈകിട്ട് 6.30ന് നടക്കുന്ന ആദ്ധ്യാത്മിക സമ്മേളനം മഹിളാ മോർച്ച സംസ്ഥാന അദ്ധ്യക്ഷ വി.ടി. രമ ഉദ്ഘാടനം ചെയ്യും. ക്ഷേത്രം ഏർപ്പെടുത്തിയ നാലാമത് ശാസ്താപുരസ്കാരം ചടങ്ങിൽ പത്മശ്രീ ലക്ഷ്മിക്കുട്ടിയമ്മയ്ക്കും സാമൂഹ്യ പ്രവർത്തകയും ജ്വാല ഫൗണ്ടേഷൻ സ്ഥാപകയുമായ അശ്വതി ജ്വാലയ്ക്കും സമ്മാനിക്കും. ഇന്ന് രാവിലെ 9.30ന് കളഭാഭിഷേകവും ഉച്ചയ്ക്ക് 12.30ന് അന്നദാനവും രാത്രി 8.30ന് നാമജപഘോഷവും ഉണ്ടായിരിക്കും. സമാപനദിവസമായ നാളെ രാവിലെ 7.15ന് ധർമശാസ്താവിന്റെ ദേശപ്രദക്ഷിണയാത്ര, ഉച്ചയ്ക്ക് 12.30ന് ഉത്രം സദ്യ, വൈകിട്ട് 4ന് താലപ്പൊലിവ് ഘോഷയാത്ര, രാത്രി 8ന് ഓട്ടൻതുള്ളൽ, 11ന് ആകാശപൂത്തിരിമേളം എന്നിവയും ഉണ്ടായിരിക്കുമെന്ന് ക്ഷേത്രം ഭാരവാഹികൾ അറിയിച്ചു.

## ആത്മോപദേശ ശതകം പഠനക്ലാസ്

തിരുവനന്തപുരം: ശ്രീനാരായണഗുരുവിന്റെ ആത്മോപദേശ ശതകം നടരാജഗുരു, ഗുരു നിത്യചൈതന്യയതി, ഗുരു മുനിനാരായണപ്രസാദ് എന്നിവരുടെ വ്യാഖ്യാനത്തെ സംബന്ധിച്ച് ഡോ. എസ്.കെ. രാധാകൃഷ്ണൻ നയിക്കുന്ന പഠനക്ലാസ് കെ. സുലോചനൻ ഗുരുകൃതി പാരായണവും നാളെ വൈകിട്ട് 5.30ന് പേട്ട പള്ളിമുക്കിലെ ഗുരുബുക്ക് സെന്ററിൽ (തോപ്പിൽവീട്) ഉണ്ടായിരിക്കും.

ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ സാരം ലളിതമായ ശൈലിയിൽ ഗുരു മുനിനാരായണ പ്രസാദ് തയ്യാറാക്കിയ 'അറിവിന്റെ ആദ്യപാഠങ്ങൾ' പഠന ക്ലാസും ഉണ്ടായിരിക്കുമെന്ന് കൺവീനർ എസ്. ശ്രീകണ്ഠൻ, സെക്രട്ടറി പി.ജി. ശിവബാബു എന്നിവർ അറിയിച്ചു. ഫോൺ - 9633438005, 9446356788.

## സ്വാമി ശാശ്വതികാനന്ദ ചാരിറ്റബിൾ ട്രസ്റ്റ്

തിരുവനന്തപുരം: സ്വാമി ശാശ്വതികാനന്ദ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആറ്റുകാൽ ക്ഷേത്രത്തിൽ പൊങ്കാല അർപ്പിക്കാൻ വരുന്ന ഭക്തജനങ്ങൾക്ക് വൈദ്യസഹായം നൽകാനുള്ള എല്ലാ ഏർപ്പാടുകളും തയ്യാറാക്കിയിട്ടുണ്ടെന്ന് ട്രസ്റ്റ് ചെയർമാൻ മണക്കാട് സി. രാജേന്ദ്രൻ അറിയിച്ചു. മണക്കാട് ജംഗ്ഷനിലെ ട്രസ്റ്റ് ഓഫീസിൽ ഇടപ്പഴഞ്ഞി എസ്.കെ. ഹോസ്പിറ്റലിന്റെ മെഡിക്കൽ ക്യാമ്പ് ഇന്ന് രാവിലെ 7 മുതൽ പ്രവർത്തനം ആരംഭിക്കും. ഫോൺ: 9895113512.

### ഒരുവർഷത്തിനുള്ളിൽ എല്ലാവർക്കും വീട് ഉറപ്പാക്കുമെന്ന് പ്രഖ്യാപനം

# മത്സ്യത്തൊഴിലാളികൾക്ക് കരുതലുമായി നഗരസഭാ ബഡ്ജറ്റ്

## ■ ഹരിത ചട്ടം പാലിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് നികുതി ഇളവ്

തിരുവനന്തപുരം : നഗരത്തിലെ എല്ലാവർക്കും 2020തോടെ വീട് ഉറപ്പാക്കുമെന്ന ജനപ്രിയ പ്രഖ്യാപനത്തോടെ നഗരസഭയുടെ 2019 -20 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു. ഹരിത ചട്ടം പാലിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് നികുതി ഇളവും പ്രഖ്യാപിച്ചിട്ടുണ്ട്.

1286.07 കോടി വരവും 1213.22 കോടി ചെലവും 72.84 കോടി നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഡെപ്യൂട്ടിമേയർ രാഖി രവികുമാർ അവതരിപ്പിച്ചത്.

മുൻവർഷത്തെ പോലെ സ്ത്രീകളെയും കുട്ടികളെയും തലോടുന്ന ബഡ്ജറ്റ് ഇക്കുറി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക കരുതൽ നൽകുന്നു.

അനന്തപുരിയെ സമ്പൂർണ ഭവന നഗരമാക്കുന്നതിന് സ്നേഹസദനമെന്ന പദ്ധതിയിലൂടെ 70കോടിയാണ് മാറ്റിവച്ചിരിക്കുന്നത്. ഭവന നിർമ്മാണ പദ്ധതി പ്രകാരം പൂർത്തിയാകുന്ന വീടുകൾക്ക് സോളാർ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കാനും നിർദ്ദേശമുണ്ട്.

പട്ടികജാതി കോളനികളുടെ നവീകരണത്തിനും മത്സ്യത്തൊഴിലാളികളുടെ ഫ്ലാറ്റുകളുടെയും വീടുകളുടെയും പുനരുദ്ധാരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം പ്രഖ്യാപിച്ച തമ്പാനൂർ, പൂജപ്പുര, പാളയം, പഞ്ചാപുരം ജംഗ്ഷൻ എന്നിവിടങ്ങളിലെ സ്കൈവാക്കിനായി ഇത്തവണയും മൂന്ന് കോടിയോളം വകയിരുത്തിയിട്ടുണ്ട്. വെള്ളിയാഴ്ച ബഡ്ജറ്റ് ചർച്ചയും പാസാക്കലും നടക്കും.



*തിരുവനന്തപുരം നഗരസഭയുടെ 2019-2020 വർഷത്തെ ബഡ്ജറ്റ് ഡെപ്യൂട്ടി മേയർ രാഖി രവികുമാർ അവതരിപ്പിക്കുന്നു. മേയർ വി.കെ. പ്രശാന്ത് സമീപം*

### പ്രത്യേക കരുതൽ

പ്രളയദുരന്ത മുഖത്ത് സ്വയംസമർപ്പിച്ച സേവനനിരതരായ മത്സ്യത്തൊഴിലാളിളോടുള്ള കടപ്പാട് തെളിയിക്കുന്നതായിരുന്നു ബഡ്ജറ്റ്. 20.40കോടി രൂപയാണ് മത്സ്യത്തൊഴിലാളി മേഖലയ്ക്കായി മാറ്റിവച്ചിരിക്കുന്നത്.

പഞ്ഞമാസത്തിൽ നഗരത്തിലെ മത്സ്യത്തൊഴിലാളികൾക്ക് സ്നേഹസമ്മാനമെന്ന പേരിൽ ഭക്ഷ്യധാന്യ കിറ്റ് നൽകുന്നതിന് 15 കോടിയും ഈ മേഖലയിലെ ഫ്ലാറ്റുകളുടെയും വീടുകളുടെയും പുനരുദ്ധാരണത്തിന് 5 കോടിയുമാണ് നീക്കിവച്ചിരിക്കുന്നത്.

മത്സ്യവില്പനയ്ക്ക് ഐസ് ബോക്സ് ഉൾപ്പെടെയുള്ള ആട്ടോ വാങ്ങി നൽകുന്നതിന് 40ലക്ഷവും എം.എം.ഡി സർട്ടിഫിക്കറ്റുള്ള ലൈഫ് ജാക്കറ്റ് വാങ്ങി നൽകുന്നതിന് 15 ലക്ഷവും ചെലവഴിക്കും.

### പ്രധാന പദ്ധതികൾ

- ■ വെള്ളായണിക്കായൽ കേന്ദ്രീകരിച്ച് ശുദ്ധജല പ്ലാന്റ് സ്ഥാപിക്കാൻ അഞ്ച് കോടി
- ■ ആർ.സി.സിയിൽ എത്തുന്ന രോഗികൾക്ക് സൗജന്യ യാത്രയൊരുക്കാൻ 15ലക്ഷം
- ■ സ്ത്രീകൾക്ക് മാനസിക-ശാരീരിക പിന്തുണ നൽകുന്ന പടവുകളെന്ന പദ്ധതിക്ക് 1 കോടി
- ■ പട്ടയമേള സംഘടിപ്പിക്കാൻ 50ലക്ഷം
- ■ തിരുവല്ലം സോണലിൽ പുതിയ ഇലക്ട്രിക് ശ്മശാനത്തിന് 50ലക്ഷം
- ■ സൗജന്യമായി കുടിവെള്ളം ലഭ്യമാക്കുന്ന ആർ.ഒ പ്ലാന്റിന് 50ലക്ഷം
- ■ നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് 50ലക്ഷം
- ■ ഇ-ആട്ടോകൾ നിരത്തിലിറക്കാൻ 2കോടി
- ■ നവോത്ഥാന സംഗമം സംഘടിപ്പിക്കാൻ 5ലക്ഷം
- ■ വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് ലഭ്യമാക്കാൻ 15 ലക്ഷം




*നഗരസഭയിൽ ബഡ്ജറ്റ് അവതരണത്തിൽ പങ്കെടുക്കാനെത്തിയ യു.ഡി. എഫ് കൗൺസിലർമാർ കൗൺസിൽ ഹാളിൽ വായ മൂടിക്കെട്ടി പ്ലക്കാർഡ് ഉയർത്തി പ്രതിഷേധമറിയിക്കുന്നു.*

## ജനകീയ ബഡ്ജറ്റ്: മേയർ വി.കെ. പ്രശാന്ത്

തിരുവനന്തപുരം : നഗരപരിധിയിൽ 2020 ഓടെ ഭൂമിയുള്ള എല്ലാവർക്കും വീട് ഉറപ്പാക്കുന്ന ജനപ്രിയ ബഡ്ജറ്റാണ് അവതരിപ്പിച്ചതെന്ന് മേയർ വി.കെ. പ്രശാന്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. യാഥാർത്ഥ്യം ഉൾക്കൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയെതെന്ന് ഡെപ്യൂട്ടി മേയർ രാഖി രവികുമാറും പറഞ്ഞു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ. ശ്രീകുമാർ, പാളയം രാജൻ, പുഷ്പലത, സി. സുദർശനൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

### എതിർപ്പുമായി പ്രതിപക്ഷം

രാജ്യത്തിന് വേണ്ടി പുൽവാമയിൽ വീരമൃത്യുവരിച്ച ജവാൻമാരെ അനുസ്മരിക്കാതെ ബഡ്ജറ്റ് അവതരണം നടത്തിയ ഭരണപക്ഷം ജവാൻമാരെ അവഹേളിച്ചെന്ന് യു.ഡി.എഫും ബി.ജെ.പിയും കുറ്റപ്പെടുത്തി. മേയറും ഡെപ്യൂട്ടിമേയറും രാജിവയ്ക്കണമെന്ന് യു.ഡി.എഫ് പാർലമെന്ററി പാർട്ടി നേതാവ് ഡി. അനിൽകുമാർ ആവശ്യപ്പെട്ടു. സി.പി.എം നേതാക്കളോട് കാട്ടുന്ന ബഹുമാനം പോലും ജവാൻമാരോട് നഗരസഭാ ഭരണപക്ഷം കാട്ടിയില്ലെന്ന് ബി.ജെ.പി നേതാവ് തിരുമല അനിലും പറഞ്ഞു.

കേന്ദ്ര വിഹിതം കൊണ്ട് പൂർത്തീകരിച്ച പദ്ധതികളുടെ പേരിലാണ് നഗരസഭ മേന്മ നടിക്കുന്നതെന്ന് ബി.ജെ.പി കൗൺസിൽ പാർട്ടി ലീഡർ എം.ആർ. ഗോപൻ പറഞ്ഞു. മുൻ വർഷത്തെ പദ്ധതികൾ പേര് മാറ്റി പ്രഖ്യാപിച്ചിരിക്കുകയാണെന്ന് യു.ഡി.എഫ് നേതാവ് ജോൺസൺ ജോസഫും പറഞ്ഞു.





































